		കെ.
(ഗ)	പി. എൽ. & ആർ. ആർ. ഉദ്ഘാടകൻ	൫ ൦ ൦
(ഘ)	കേരളപ്രൊവിൻഷ്യൽ ഹിന്ദിപ്രചാരസഭാ, ഉദ്ഘാടകൻ	൧ ൦ ൦
(ങ)	രാധാകൃഷ്ണ ലൈബ്രറി & റീഡിങ്ങ് റൂം, ഉദ്ഘാടകൻ	൧ ൦ ൦
(ച)	യോഗക്ഷേമം ലൈബ്രറി, ഉദ്ഘാടകൻ	൫൦ ൦
(ഛ)	മൻസിപ്പാൽ ലൈബ്രറി & റീഡിങ്ങ് റൂം, ചിറവർ	൧൨ ൫൦
(ജ)	ജൂക്ബാൽ ലൈബ്രറി & റീഡിങ്ങ്റൂം, മട്ടാഞ്ചേരി	൯ ൦ ൦
(ഝ ൦)	മൻസിപ്പാൽ ലൈബ്രറി & റീഡിങ്ങ്റൂം, തത്തമംഗലം	൧ ൦ ൦

(ഏഞ) മേജർ ഗ്രാമീണ വായനശാലകളുടേയും റീഡിങ്ങ് റൂമിന്റേയും ചട്ടങ്ങൾ അനുസരിച്ചു പ്രവർത്തനം നടത്തുന്ന ഗ്രാമീണവായനശാലകൾക്കു ഗ്രാൻറ് കൂടുതൽ കൊടുപ്പാൻ ആലോചനയുണ്ട്.

PERMANENT CO-OPERATIVE REGISTRAR MR. NARAYANA MENON—DEPROMOTION OF

673. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് ദയയും മറുപടി പറയുമോ.—

(എ) സമീപം പരസ്പരസഹായസംഘം രജിസ്ട്രാറായിരുന്ന മിസ്റ്റർ കെ. നാരായണമേനവനെ ഉപണയബാങ്കിന്റെ സിക്രട്ടറിയായി തരംതാഴ്ത്തുവാനുള്ള കാരണം എന്തു്;

(ബി) ഉപണയബാങ്കു് സിക്രട്ടറിക്കും പരസ്പരസഹായ സംഘം രജിസ്ട്രാക്കും നിശ്ചയിച്ചിട്ടുള്ള ശമ്പളത്തോതു് എന്തു്;

(സി) ഉപണയബാങ്കു് സിക്രട്ടറിക്കു നിശ്ചപ്പെടുത്തിയിട്ടുള്ള ശമ്പളത്തേക്കാൾ കൂടുതൽ സംഖ്യ ഇപ്പോഴത്തെ സിക്രട്ടറിക്കു കൊടുത്തുവരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര ഉറുപ്പിക കൂടുതൽ കൊടുത്തുവരുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) തരംതാഴ്ത്തിയിട്ടില്ല. സ്ഥലം മാറിയതേയുള്ളു.

(ബി) ഉപണയബാങ്കു് സിക്രട്ടറിയുടെ ശമ്പളം ക. ൧൫൦—൨൫൦. പരസ്പര സഹായ സംഘം രജിസ്ട്രാരുടെ ശമ്പളം ക. ൨൫൦—൩൦൦.

(സി) ഉണ്ടു്. ൫൦ക. Personal allowance ആയി അദ്ദേഹത്തിനു കൂടുതൽ കൊടുക്കുന്നുണ്ടു്.

AZHIKAL, OCHANTHURUTHU, ETC., VILLAGES—PROVISIONS FOR LATRINES

674. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും ദയയും മറുപടി പറയുമോ.—

(എ) ഞീക്കൽ, ഓച്ചന്തുരുത്തു്, പനമ്പുകാടു്, വല്ലാർപാടം, മുളവുകാടു് എന്നീ പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യത്തിനായി കക്കൂസുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ പ്രദേശത്തും എത്രവീതമുണ്ടു്;

(സി) ഇല്ലെങ്കിൽ കക്കൂസുകൾ സ്ഥാപിച്ചു കിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും എത്ര അപേക്ഷകളാണു് ഗവർമ്മെണ്ടിലേക്കു് ആ പ്രദേശങ്ങളിലുള്ള പൊതുജനങ്ങളിൽനിന്നു് ലഭിച്ചിട്ടുള്ളതു്;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടികളാണു് ഗവർമ്മെണ്ടിൽനിന്നു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ചില പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്.

(ബി) പനമ്പുകാടു് ൧. മുളവുകാടു് ൧.

(സി) മുന്നു്.

(ഡി) കൂടുതൽ കക്കൂസുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ ഗവർമ്മെണ്ടിൽനിന്നും എടുത്തുവരുന്നുണ്ടു്.

MULAMKUZHE—BRIDGES

675. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) മൂലങ്കുഴി കിഴക്കു ഭാഗത്തുള്ള കഴുമുട്ടുപാലത്തിനു തെക്കുള്ള രണ്ടു P. W. D. Concrete പാലങ്ങൾ ഗതാഗത സൌകര്യത്തിനുതകാത്തവയണ്ണം കേടുവന്നു കിടക്കുന്നതായി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly